# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 73 13.6.2012-ൽ മറുപടിയ്ക്ക്

### അശാസ്ത്രീയമായ ജലവിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. പി. ബി. അബ്ദുൾ റസാക്<br>ശ്രീ, പി. ഉബൈദുള്ള | ശ്രീ. പി.ജെ ജോസഫ്<br>ജലവിഭവ വകുപ്പുമന്ത്രി |
| എ അശാസ്ത്രീയ ജലവിതരണം മൂലം നിലനില്ക്കുന്ന ശുദ്ധജല ദൗർല്ലഭ്യം മുതലെടുത്ത്, മലിനജലം ശുദ്ധജലമെന്ന പേരിൽ അമിത വിലയ്ക്ക് വിറ്റഴിക്കുന്ന മാഫിയ സംസ്ഥാനത്തൊട്ടാകെ സജീവമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ ഉണ്ട്. സ്വകാര്യ ഏജൻസികൾ ടാങ്കർ ലോറികളിൽ ജലവിതരണം നടത്തുന്നത് സംബന്ധിച്ച നിയമമൊന്നും നിലവിലില്ല. എന്നാൽ ഇത്തരത്തിൽ വിതരണം നടത്തുന്ന ജലത്തിന്റെ ഗുണനിലവാരം നിയന്ത്രിക്കുന്നതിനും കുടിവെള്ളം വിതരണം നടത്തുന്ന ലോറികൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതും സംബന്ധിച്ച മാർഗ്ഗരേഖ കേരള വാട്ടർ സപ്ലൈ & സീവറേജ് ആക്ടിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടെ ഇത്തരം സാഹചര്യങ്ങൾ നിയന്ത്രിക്കാനാകും.<br>കേരള ജല അതോറിറ്റി ഉൽപ്പാദിപ്പിക്കുന്ന ജലം ലഭ്യതയ്ക്കനുസരിച്ചും വാൽവുകൾ നിയന്ത്രിച്ചും പരമാവധി |

| | | | |
|---|---|---|---|
| | | | എല്ലാ പ്രദേശത്തും ലഭ്യമാക്കുവാൻ ശ്രമിച്ചുവരുന്നു. |
| ബി | സർക്കാർ ഏജൻസികൾ വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ വിനിയോഗ രീതിയും, വിനിയോഗ ആവശ്യങ്ങളും സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുമോ; | ബി | ഇത്തരത്തിൽ പഠനം നടത്തിയിട്ടില്ല. |
| സി | കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ എത്ര ശതമാനം വീതമാണ് കുടിവെള്ളമായും പാചകാവശ്യത്തിനായും ഉപയോഗിക്കപ്പെടുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | സി | ഇതു സംബന്ധിച്ച പഠനം നടത്തിയിട്ടില്ല. വിശദാംശം ലഭ്യമല്ല. |
| ഡി | സെമി പ്യൂരിഫൈഡ് വാട്ടർ ആവശ്യമായിടത്ത്, കുടിവെള്ളം ഉപയോഗിക്കേണ്ടി വരുന്ന ഇന്നത്തെ അശാസ്ത്രീയ ജലവിതരണ രീതി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ? | ഡി | കുടിവെള്ളത്തിനും മറ്റാവശ്യത്തിനും പ്രത്യേകം ജലവിതരണം നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് വലിയ സാമ്പത്തിക ബാധ്യത ഏറ്റെടുക്കേണ്ടിവരും. ഇന്നത്തെ സാഹചര്യത്തിൽ അത് ഏറ്റെടുക്കുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ